I/204064/2024

**നമ്പർ.സി1/8/2024/റ്റിസി** തിയതി : 30-05-2024

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, രണ്ടാം നില, ട്രാൻസ് ടവേഴ്സ്,
വഴുതക്കാട്, തൈക്കാട് പി.ഒ, തിരുവനന്തപുരം - 695 014
ഇ-മെയിൽ: tcoffice.mvd@kerala.gov.in|വെബ്: www.mvd.kerala.gov.in|☎ 0471-2333317

**സർക്കുലർ നമ്പർ - 17/2024**

വിഷയം :- ***മോട്ടോർ വാഹന വകുപ്പ്*** — ഡ്രൈവിംഗ് ലൈസൻസ് ടെസ്റ്റ് കൂടുതൽ കാര്യക്ഷമമാക്കുന്നത് — പുതുക്കിയ നിർദ്ദേശങ്ങൾ നൽകുന്നത് - സംബന്ധിച്ച്.

പരാമർശം :-
1. സർക്കുലർ നമ്പർ 4/2024 തീയതി 21.02.2024.
2. G.O(Rt) No.170/2024/Trans തീയതി 04.05.2024.
3. G.O(Rt) No.181/2024/Trans തീയതി 23.05.2024.

സംസ്ഥാനത്ത് ഡ്രൈവിംഗ് ലൈസൻസ് ടെസ്റ്റ് കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ഗതാഗത കമ്മീഷണർ സൂചന (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഈ ഉത്തരവിൽ സൂചനകൾ (1) & (2) പ്രകാരം ഭേദഗതികൾ വരുത്തുവാൻ സർക്കാർ നിർദ്ദേശം നൽകുകയുണ്ടായി. ആയതിനാലാണ്, ഈ സർക്കുലർ പുറപ്പെടുവിക്കുന്നത്. ഇതിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

1. ഒരു മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ മാത്രമുള്ള ഓഫീസുകളിൽ 40 ടെസ്റ്റും രണ്ട് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടറുള്ള ഓഫീസുകളിൽ (40 x 2) 80 ടെസ്റ്റുകളും വീതം പ്രതിദിനം നടത്തേണ്ടതാണ്. 25 പുതിയ അപേക്ഷകർ, 10 റീടെസ്റ്റ് അപേക്ഷകർ, 5 പേർ പഠനാവശ്യം ഉൾപ്പെടെ വിദേശത്ത് പോകുന്നവരുണ്ടോ വിദേശത്ത് നിന്ന് ലീവിന് വന്ന് മടങ്ങിപ്പോകേണ്ടുന്നവരോ ആയ പ്രവാസികൾ എന്ന രീതിയിലാകണം ടെസ്റ്റുകൾ നിജപ്പെടുത്തേണ്ടത്. വിദേശത്ത് പോകുന്ന അപേക്ഷകർ ഇല്ലാത്ത സാഹചര്യത്തിൽ റീടെസ്റ്റ് അപേക്ഷകരുടെ സിനിയോറിറ്റി കൃത്യമായി പരിഗണിച്ച് അവസരം നൽകേണ്ടതാണ്.
2. 18 വർഷം വരെ പഴക്കമുള്ള ഡ്രൈവിംഗ് സ്കൂളുകളുടെ വാഹനങ്ങൾ ഡ്രൈവിംഗ് ടെസ്റ്റിന് ഉപയോഗിക്കാവുന്നതാണ്. സൂചന (2) സർക്കാർ ഉത്തരവ് അഞ്ചാം ഖണ്ഡിക പ്രകാരം അനുവദിച്ച് ഇളവ് നൽകിയ സമയപരിധി ഇതിനും ബാധകമാണ് .
3. റോഡ് സുരക്ഷ മുൻനിർത്തി ഗ്രൗണ്ട് ടെസ്റ്റിന് ശേഷം, റോഡ് ടെസ്റ്റ് നടത്തുന്ന രീതി തുടരാവുന്നതും, റോഡ് ടെസ്റ്റുകൾ കൃത്യമായി നിയമക്രമം പാലിച്ച് റോഡിൽ തന്നെ നടത്തേണ്ടതുമാണ്. ടെസ്റ്റിന് വിധേയരാകുന്നവർക്ക് മോട്ടോർ വാഹന ചട്ടം അനുശാസിക്കുന്ന നിയമങ്ങളെക്കുറിച്ച് ശരിയായ അറിവുണ്ടെന്ന് പരിശോധകർ ഉറപ്പ് വരുത്തേണ്ടതാണ്.
4. മോട്ടോർ വാഹന നിയമത്തിലെ വ്യവസ്ഥയനുസരിച്ച് ഓരോ ഡ്രൈവിംഗ് സ്കൂളിനും യോഗ്യതയുള്ള ഒരു ഡ്രൈവിംഗ് ഇൻസ്ട്രക്ടർ ഉണ്ട് എന്നും ,ഡ്രൈവിംഗ് ടെസ്റ്റിനു അപേക്ഷകരെ ഹാജരാക്കുമ്പോൾ ഡ്രൈവിംഗ് ഇൻസ്ട്രക്ടറുടെ സാന്നിദ്ധ്യമുണ്ട് എന്നും ഉറപ്പ് വരുത്തേണ്ടതാണ്.

5. റോഡ് സുരക്ഷ കണക്കിലെടുത്ത് ഡ്യൂവൽ ക്ലച്ച് / ബ്രേക്ക് സംവിധാനമുള്ള ഡ്രൈവിംഗ് സ്കൂളുകളുടെ വാഹനങ്ങളിൽ ഡ്രൈവിംഗ് ടെസ്റ്റ് നടത്തുന്ന രീതി തുടരാവുന്നതാണ്. കൂടാതെ, ഏതൊരാൾക്കും സ്വന്തമായി വാഹനം ഓടിച്ച് പഠിക്കാനും ,ഡ്രൈവിംഗ് ടെസ്റ്റിന് അപേക്ഷിക്കാനും, സ്വന്തം വാഹനം ഉപയോഗിച്ച് ഡ്രൈവിംഗ് ടെസ്റ്റിന് ഹാജരാകാനുമുള്ള അവസരം ഉറപ്പുവരുത്തേണ്ടതുമാണ്.

6. ഡ്രൈവിംഗ് ടെസ്റ്റ് ഗ്രൗണ്ടുകൾ സർക്കാർ ഉടമസ്ഥതയിലാക്കാനുള്ള നടപടികൾ വേഗത്തിലാക്കുന്നതിനും ഇതിനായി പരമാവധി റവന്യൂ / തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ / കെ.എസ്.ആർ.ടി.സി. എന്നിവയുടെ ഉടമസ്ഥതയിലുള്ള ഭൂമി ഉപയോഗപ്പെടുത്തുന്നതിനുമുള്ള ക്രമീകരണങ്ങൾ ബന്ധപ്പെട്ട ആർ.ടി.ഒ./ ജോയിന്റ് ആർ.ടി.ഒ. മാർ സ്വീകരിക്കേണ്ടതാണ്. കൂടാതെ, ഇക്കാര്യത്തിൽ ,ഡി ടിസി മാർ മേൽ നടപടികൾ സ്വീകരിക്കുകയും, ആയത്, ക്രോഡീകരിച്ച് ഗതാഗത കമ്മീഷണറുടെ ഓഫീസിൽ അറിയിക്കേണ്ടതുമാണ് .

7. ലേണേഴ്സ് ലൈസൻസ് നേടിയവരുടെയും, പ്രസ്തുത ലൈസൻസ് കാലാവധി അവസാനിക്കുന്നവരുടെയും ക്രമം അനുസരിച്ചുള്ള പ്രത്യേക പട്ടിക തയ്യാറാക്കേണ്ടതാണ്. ഓരോ ഓഫീസിന്റെ കീഴിലുമുള്ള തീർപ്പാക്കാനുള്ള അപേക്ഷകളുടെ ബാഹുല്യം പരിശോധിച്ച് അധികം അപേക്ഷകരുള്ള സ്ഥലങ്ങളിൽ മോട്ടോർ വെഹിക്കിൾ എൻഫോഴ്സ്മെന്റ് വിഭാഗത്തിൽ നിന്നുള്ള ഉദ്യോഗസ്ഥരെ നിയോഗിച്ച് ടെസ്റ്റ് നടത്തി അപേക്ഷ തീർ പ്പാക്കേണ്ടതാണ്. ഇക്കാര്യത്തിൽ, ഈ സർക്കുലറിലെ ഖണ്ഡിക (1) പ്രകാരം ആയിരിക്കണം ടി അപേക്ഷകൾ പരിഗണിക്കേണ്ടത്.

8. ആഴ്ചയിൽ രണ്ടുദിവസം വാഹനങ്ങളുടെ ഫിറ്റ്നസ് ടെസ്റ്റ് നടത്തേണ്ടതാണ്. ഫിറ്റ്നസ് ടെസ്റ്റിന് വാഹനങ്ങൾ ഇല്ലാതിരിക്കുന്ന സാഹചര്യത്തിൽ മാത്രം ഡ്രൈവിംഗ് ടെസ്റ്റ് നടത്താവുന്നതാണ്.

9. ഡ്രൈവിംഗ് ടെസ്റ്റ് നടത്തുന്ന ഉദ്യോഗസ്ഥർ അതേ ദിവസം ഫിറ്റ്നസ് ടെസ്റ്റുകൾ കൂടി നടത്തുവാൻ പാടുള്ളതല്ല.

വിശ്വസ്തതയോടെ,

Signed by
S Sreejith I P S
Date: 30-05-2024 23:21:01

S SREEJITH I P S
TRANSPORT COMMISSIONER

പകർപ്പ്:

1 ട്രാൻസ്പോർട്ട് കമ്മീഷണർ / ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ / ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ (എൻഫോഴ്സ്മെന്റ്) / സീനിയർ ഡി. റ്റി. സി. (ട്രാക്സ്) / സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ / സീനിയർ ഫിനാൻസ് ഓഫീസർ / സീനിയർ ലോ ഓഫീസർ എന്നിവരുടെ സി എ മാർക്ക്.

2 സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ / അസ്സിസ്റ്റൻറ് ട്രാൻസ്പോർട്ട് കമ്മീഷണർ / അക്കൗണ്ട്സ്

ഓഫീസർ / അക്കൗണ്ട്സ് ഓഫീസർ (ഓഡിറ്റ്).

3 എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും / റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും / ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും. / മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാർക്കും - ചെക്ക്പോസ്റ്റിന്റെ ചുമതലയുള്ള (തുടർ നടപടികൾക്കായി).

4 നോഡൽ ഓഫീസർ (വെബ് സൈറ്റ്) / എസ്. എസ് ജി സെൽ / എം. ഐ. ടി 2സെക്ഷൻ (ഡിപ്പാർട്ട്മെന്റ് വെബ് സൈറ്റിൽ www.mvd.kerala.gov.in പ്രസിദ്ധികരിക്കുന്നതിനായി)

| മോട്ടോർ വാഹന വകുപ്പ്, കേരളം |
| --- |